## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ലോക്കൽ സർവ്വീസ് ഡെലിവറി പ്രോജക്ടിൽ (കെ.എൽ.ജി.എസ്.ഡി.പി) ലഭ്യമാകുന്ന അധിക ഫണ്ടിന്റെ വിനിയോഗത്തിനുള്ള തദ്ദേശ മിത്രം പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(എം.എസ്)നം.366/2015/തസ്വഭവ തിരുവനന്തപുരം, തീയതി : 29.12.2015.**

പരാമർശം : 1. ജി.ഒ(എം.എസ്)നം.2/2011/തസ്വഭവ തീയതി 01.01.2011.

2. 23.06.2015- തീയതിയിലെ ഇന്ത്യാ ഗവൺമെന്റ് (ധനകാര്യമന്ത്രാലയം), സാമ്പത്തികകാര്യ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ D.O.No.1/11/2003-FB-VII നമ്പർ കത്ത്

**ഉത്തരവ്**

കേരള ലോക്കൽ സർവ്വീസ് ഡെലിവറി പ്രോജക്ടിനു വേണ്ടി വേൾഡ് ബാങ്ക് അംഗീകരിച്ച തുകയിൽ (200 മില്ല്യൺ യു.എസ് ഡോളർ) രൂപ/ഡോളർ വിനിമയ നിരക്കിലെ വ്യതിയാനവും മറ്റു കാരണങ്ങളാലും ലഭ്യമാകുന്ന അധിക ഫണ്ട് 400 കോടിയോളം രൂപ വിനിയോഗിക്കുന്നത് സംബന്ധിച്ച തദ്ദേശ മിത്രം പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പദ്ധതിയുടെ വിശദാംശങ്ങൾ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

കൂടാതെ കേരള ലോക്കൽ സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ കാലയളവ് 2017 ജൂൺ 30 വരെ ദീർഘിപ്പിച്ചും, നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചും ടി പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരുമായും വേൾഡ് ബാങ്കുമായും കരാറിലേർപ്പെടുന്നതിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയിംസ് വർഗ്ഗീസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

# തദ്ദേശ മിത്രം

# കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിലുള്ള പഞ്ചായത്തിരാജ് സംവിധാനം നടപ്പാക്കുന്നതിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിക്കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ കൂടുതൽ കരുത്തുറ്റവയും ജനാഭിമുഖ്യമുള്ളവയുമാക്കി മാറ്റുന്നതിന് ഈ രംഗത്ത് അവശേഷിക്കുന്ന ന്യൂനതകളും വെല്ലുവിളികളും പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. ഇതു പ്രകാരം വേൾഡ് ബാങ്ക് സഹായത്തോടെ കേരള സർക്കാർ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് തദ്ദേശ മിത്രം.

### ഉദ്ദേശ്യ ലക്ഷ്യം

ജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും അടിസ്ഥാനപരമായ ഭരണ നിർവഹണം ഫലപ്രദമായും സുസ്ഥിരമായും നടപ്പാക്കുന്നതിനും വേണ്ടി കേരളത്തിലെ തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് പ്രോജക്ടിന്റെ ലക്ഷ്യം.

### ഗുണഭോക്താക്കൾ

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.

### പ്രോജക്ട് അടങ്കൽ

1195.8 കോടി രൂപയാണ് (260 മില്ല്യൺ യു.എസ്. ഡോളർ) പ്രോജക്ട് അടങ്കൽ. ഇതിൽ സംസ്ഥാന സർക്കാർ വിഹിതം 276 കോടി രൂപയാണ് (60 മില്ല്യൺ യു.എസ്. ഡോളർ).

### പ്രോജക്ട് കാലാവധി

2011 മുതൽ 2015 വരെ നാല് വർഷമാണ് പദ്ധതി കാലാവധി. പദ്ധതിയെ 2011-13, 2013-15 എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു.

### പ്രോജക്ട് ഘടകങ്ങൾ

1. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വികസന പദ്ധതികൾ നടപ്പാക്കാൻ നിലവിലുള്ള ഗ്രാന്റിന് പുറമെ നൽകുന്ന **പെർഫോമൻസ് ഗ്രാന്റ്.**

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനുള്ള **കാര്യശേഷി വികസനം.**

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന സ്ഥിതി വിവരക്കണക്കുകളും പദ്ധതി നടത്തിപ്പിനെക്കുറിച്ചുള്ള വിശദാംശങ്ങളും സുഗമമായി ലഭ്യമാക്കുക വഴി തദ്ദേശ

,സ്വയംഭരണ സംവിധാനം മോണിറ്റർ ചെയ്യുന്നതിനുള്ള സംസ്ഥാന സർക്കാർ സംവിധാനം ശക്തിപ്പെടുത്തൽ.

4. പ്രോജക്ട് മാനേജ്മെന്റ്.

**1. ഫെർഫോമൻസ് ഗ്രാന്റ് (Rs. 1097.56 Cr)**

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വാർഷികമായി, പ്രവർത്തന മികവ് ആധാരമാക്കിയുള്ള ഫെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതാണ്. അവയുടെ പദ്ധതി നിർവഹണത്തിലെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള അധികരിച്ച അളവിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി പെർഫോമൻസ് ഗ്രാന്റ് ചെലവഴിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ഉപാധിരഹിത ഗ്രാന്റ് ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അവയുടെ സേവന പ്രദാന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്കുള്ള ബജറ്റ് വിഹിതം കണക്കാക്കുന്നതിന് നിലവിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ തന്നെയാണ് പെർഫോമൻസ് ഗ്രാന്റ് വിഹിതം തീരുമാനിക്കാനുമുപയോഗിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന ധനകാര്യ കമ്മീഷൻ വിഹിതത്തിനു പുറമേയാണ് പെർഫോമൻസ് ഗ്രാന്റ് വിഹിതം.

തദ്ദേശ മിത്രത്തിന് വേണ്ടി വേൾഡ് ബാങ്ക് അംഗീകരിച്ച വായ്പ തുക 200 മില്യൺ യു.എസ്.ഡോളറാണ്. പ്രോജക്ട് രൂപീകരണ വേളയിൽ രൂപ-ഡോളർ വിനിമയ നിരക്ക് കണക്കാക്കിയത് 46 രൂപ/യു.എസ്. ഡോളർ (Project Appraisal Document) എന്നായിരുന്നു. നിലവിലെ വിനിമയ നിരക്ക് അടിസ്ഥാനമാക്കിയുള്ള പദ്ധതിച്ചെലവുകൾ കണക്കാക്കുമ്പോൾ 60-65 മില്യൺ യു.എസ്. ഡോളറിന്റെ അധിക ഫണ്ടാണ് പ്രതീക്ഷിക്കുന്നത്.

ഈ തുകയുടെ ഫലപ്രദമായ വിനിയോഗത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പിന് അയച്ചു കൊടുക്കുകയും അത് സ്വീകരിച്ചതായി 23.06.2015-ാം തീയതിയുള്ള കത്ത് D.O.No.1/11/2003-FB.VII പ്രകാരം അറിയിക്കുകയും ചെയ്തു. ഇപ്രകാരം അധികമായി ലഭിക്കുന്ന തുക സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്.

തദ്ദേശ മിത്രത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്നതും ഗ്രാമ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും ശക്തിപ്പെടുത്തുക എന്ന പദ്ധതി വികസന ഉദ്ദേശ ലക്ഷ്യത്തിൽപ്പെടുന്നതുമായ (Project Development Objective) പ്രവർത്തനങ്ങളാണ് നിർദ്ദേശിയ്ക്കുന്നത്.

## 1. പിന്നോക്ക പഞ്ചായത്തുകൾക്കുള്ള അധിക സഹായം:

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ റവന്യൂ കമ്മി പഞ്ചായത്തുകളും ഉൾപ്പെടുന്നു. പലവിധ കാരണങ്ങളാൽ അവികസിതമായി തുടരുന്ന മറ്റു നിരവധി പിന്നോക്ക ഗ്രാമ പഞ്ചായത്തുകളുമുണ്ട്. ഈ പഞ്ചായത്തുകളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും, വരുമാനം, സ്വയംപര്യാപ്തത എന്നിവ ഉയർത്തുന്നതിനുള്ള കാര്യശേഷി വർദ്ധനവിനുമായി ഒരു ഒറ്റത്തവണ ഗ്രാന്റ് നൽകാനാണ് ഉദ്ദേശിക്കുന്നത്. സമാനമായി റവന്യൂകമ്മി ഉള്ള മുനിസിപ്പാലിറ്റികളുമുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിശ്ചിത ഇടപെടലുകളിലൂടെ ഇവയേയും ശക്തിപ്പെടുത്തുന്നതാണ്.

**<u>പിന്നോക്ക ഗ്രാമപഞ്ചായത്തുകളെ നിർണ്ണയിക്കൽ:</u>**

പിന്നോക്ക ഗ്രാമ പഞ്ചായത്തുകളെ നിർണ്ണയിക്കുന്നതിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1. റവന്യു കമ്മിയുള്ള ഗ്രാമ പഞ്ചായത്തുകളും, അതായത് സ്വന്തം റവന്യു ചെലവിന് വേണ്ട വരുമാനം കണ്ടെത്താനാവാത്ത ഗ്രാമ പഞ്ചായത്തുകൾ, കഴിഞ്ഞ മൂന്ന് വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകളെ അടിസ്ഥാനമാക്കിയാണിത് നിശ്ചയിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി റവന്യൂ കമ്മിയുള്ള ഗ്രാമ പഞ്ചായത്തുകളെ പരിഗണിക്കുന്നതാണ്. കൂടാതെ വരവുചെലവുകൾ കഷ്ടിച്ച് സമീകരിച്ച് പോകുന്നതും റവന്യൂകമ്മിക്ക് എപ്പോഴും വിധേയമാകാവുന്നതുമായ ഏതാനും ഗ്രാമ പഞ്ചായത്തുകളേയും പരിഗണിക്കുന്നതാണ്.
2. മറ്റു കാരണങ്ങളാലുള്ള പിന്നോക്കാവസ്ഥ- താഴെക്കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളടങ്ങിയ ഒരു സൂചകം വികസിപ്പിക്കുന്നതാണ്.

***ബി.പി.എൽ. ജനസംഖ്യ***: ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ ഒരു നിശ്ചിത ശതമാനം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ ആയിരിക്കണം.

***പട്ടികജാതി/പട്ടികവർഗ ജനസംഖ്യ***: ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങളുടെ ജനസംഖ്യയും പട്ടികജാതി/പട്ടിക വർഗ കോളനികളുടെ എണ്ണവും പരിഗണിക്കണം.

***വീടില്ലാത്ത കുടുംബങ്ങൾ***: ഗ്രാമ പഞ്ചായത്തിലെ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങളുടെ എണ്ണം.

*വാണിജ്യപരവും മറ്റുള്ളതുമായ സംരംഭങ്ങൾ*: ഗ്രാമ പഞ്ചായത്തിൽ പൊതു സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ, ബിസിനസ് സംരംഭങ്ങൾ, മറ്റു സംരംഭങ്ങൾ തുടങ്ങിയവ.

*എത്തിപ്പെടാനുള്ള പ്രയാസം/വിദൂരത*: ജില്ലാ ആസ്ഥാനത്ത് നിന്നോ ഏറ്റവും അടുത്തുള്ള പട്ടണങ്ങളിൽ നിന്നോ ഗ്രാമ പഞ്ചായത്തിൽ എത്തിപ്പെടാനുള്ള സൗകര്യം ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്താനുള്ള ദൂരം എന്നിവ.

*പ്രകൃതി ദുരന്തങ്ങൾക്കുള്ള സാദ്ധ്യത*: ഗ്രാമ പഞ്ചായത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്കുള്ള സാദ്ധ്യത.

*പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യത*: താഴെപ്പറയുന്ന പ്രാഥമിക സൗകര്യങ്ങളുടെ ലഭ്യത പരിഗണിക്കുന്നതാണ്. ടാർ ചെയ്ത റോഡ്, തെരുവു വിളക്കുകൾ, കുടി വെള്ളം, ഓവുചാലുകൾ, അഴുക്കു ജലനിർഗമന സംവിധാനം, മാലിന്യ സംഭരണികൾ, ഗാർഹിക മാലിന്യ സംഭരണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ.

*ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ*: ഗ്രാമ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായ അതിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ.

*സദ്ഭരണം (മനുഷ്യവിഭവശേഷി ഘടകം)*: ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരുടെ ലഭ്യത, അവരുടെ കാര്യശേഷി നിലവാരം.

ഒരു പഞ്ചായത്തിന് 4 കോടി രൂപ വച്ച് 40 പഞ്ചായത്തുകൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്.

**റവന്യൂകമ്മിയുള്ള മുനിസിപ്പാലിറ്റികളെ നിർണയിക്കൽ:**

റവന്യൂകമ്മിയുള്ള മുനിസിപ്പാലിറ്റികളുടെ സ്ഥിതി ഒരു സമിതി വിശകലനം ചെയ്യുകയും കമ്മിയുടെ കാരണം വിലയിരുത്തുകയും വേണം. മുനിസിപ്പാലിറ്റിയിലെ ധനസ്രോതസ്സുകളുടെ അഭാവം മൂലമാണ് റവന്യു കമ്മി ഉണ്ടാകുന്നതെങ്കിൽ സഹായം നൽകുന്നതിനായി അത്തരം മുനിസിപ്പാലിറ്റികളെ തിരഞ്ഞെടുക്കുന്നതാണ്. ഒരു മുനിസിപ്പാലിറ്റിക്ക് 4 കോടി രൂപ വച്ച് 10 മുനിസിപ്പാലിറ്റികൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്.

**ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും വേണ്ട വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ:**

ഈ പദ്ധതിയുടെ ഭാഗമായി സഹായം നൽകുന്നതിനുള്ള ഗ്രാമ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും നിർണ്ണയിച്ചു കഴിഞ്ഞാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും പ്രത്യേകമായ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. ഇതിനായി 20-25 എൻ.ജി.ഓകളെ തിരഞ്ഞെടുക്കുകയും അവ ഓരോ തദ്ദേശഭരണ സ്ഥാപനവും സന്ദർശിച്ചു എല്ലാ ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തുന്നതാണ്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റേയും ശക്തി-ദൗർബല്യങ്ങൾ വിലയിരുത്തിയ ശേഷം പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിന്റെ വരുമാന

വർദ്ധനയ്ക്കുള്ള ഏറ്റവും മികച്ച പശ്ചാത്തല സൗകര്യം ഏതെന്ന് നിർദ്ദേശിക്കുന്നു. ഒപ്പം തന്നെ ആസ്തിയുടെ നിർമ്മാണം, പരിപാലനം, പ്രവർത്തനം എന്നിവയ്ക്കായുള്ള വിശദ പദ്ധതി റിപ്പോർട്ടും തയ്യാറാക്കുന്നു.

**സാമ്പത്തിക സമന്വയം:**

ഈ പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമ പഞ്ചായത്തുകളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിനായി ബന്ധപ്പെട്ട മറ്റു സർക്കാർ വകുപ്പുകളുമായി ചേർന്നുള്ള സാമ്പത്തിക സമന്വയത്തിനുള്ള സാധ്യതകൾ ആരായുന്നതാണ്.

**പദ്ധതിയുടെ നിർവഹണം:**

ഈ പദ്ധതിയ്ക്ക് കീഴിൽ രൂപകൽപന ചെയ്യപ്പെടുന്ന പദ്ധതികളുടെ നിർവഹണ ചുമതല **അതാത് തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കും. ആവശ്യമായ എല്ലാ സാങ്കേതിക, നിർവഹണ സഹായങ്ങളും സർക്കാർ നൽകുന്നതാണ്.**

2. **ആദിവാസി ക്ലസ്റ്ററുകളിലെ പഞ്ചായത്തുകൾക്കുള്ള സഹായം:**

സംസ്ഥാനത്ത് നിർണ്ണയിച്ചിട്ടുള്ള 14 ആദിവാസി ക്ലസ്റ്ററുകളാണ് നിലവിലുള്ളത്. പിന്നോക്ക പഞ്ചായത്തുകൾക്കും ആദിവാസി ജനസമൂഹത്തിനും പ്രയോജനം ചെയ്യുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ നൂതന പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. പട്ടികവർഗ വികസന വകുപ്പുമായി കൂടിയാലോചന നടത്തി ഇതിനാവശ്യമായ വിശദമായ പദ്ധതി തയ്യാറാക്കുന്നതാണ്.

3. **മാതൃകാ പഞ്ചായത്തുകൾ:**

ഫണ്ടിന്റെ ഒരു ഭാഗം ഓരോ ജില്ലയിലും മാതൃകാ പഞ്ചായത്തുകൾക്ക് രൂപം നൽകുന്നതിനായി വിനിയോഗിക്കുന്നതാണ്. ഓരോ ജില്ലയിൽ നിന്നും ഒരു ഗ്രാമ പഞ്ചായത്തിനെ വീതം തെരഞ്ഞെടുക്കുകയും അവയെ പഞ്ചായത്തിന്റെ എല്ലാ പ്രവർത്തന മേഖലകളിലും മാതൃകയാക്കി മാറ്റുകയുമാണ് ഉദ്ദേശ്യം. മറ്റ് പഞ്ചായത്തുകൾക്ക് പഠന കേന്ദ്രങ്ങളായി ഇത്തരം മാതൃകാ പഞ്ചായത്തുകൾ മാറും. ദീർഘകാലാടിസ്ഥാനത്തിൽ മാതൃകാ പഞ്ചായത്തിന്റെ നിലവാരം കൈവരിക്കാൻ മറ്റു പഞ്ചായത്തുകൾക്ക് പ്രോത്സാഹനം നൽകുന്നതാണ്. ഇത്തരത്തിൽ പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനായി ഗ്രാമ പഞ്ചായത്തു കളുടെ പ്രവർത്തന നിലവാരം മൊത്തത്തിൽ മെച്ചപ്പെടുത്തുന്നതാണ്.

**മാതൃകാ പഞ്ചായത്തുകളെ നിർണ്ണയിക്കുന്നതിനുള്ള പ്രക്രിയ:**

താഴെക്കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളുപയോഗിച്ച് ഓരോ ജില്ലയിലേയും നന്നായി പ്രവർത്തിക്കുന്ന ഒരു ഗ്രാമ പഞ്ചായത്ത് വീതം നിർണ്ണയിക്കുന്നതാണ്.

1. സേവന പ്രദാനം
2. ഖര, ദ്രവ, പ്ലാസ്റ്റിക് മാലിന്യ പരിപാലന സംവിധാനങ്ങൾ.
3. ആധുനിക അറവുശാലകളുടെ ലഭ്യത.
4. ശ്മശാന ഭൂമിയുടെയും ശ്മശാനത്തിന്റേയും ലഭ്യത.
5. പൊതു ചന്തയുടെ ലഭ്യത.
6. നന്നായി പരിപാലിക്കപ്പെടുന്ന ആരോഗ്യ സ്ഥാപനങ്ങളുടെ ലഭ്യത.
7. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമത.
8. പഞ്ചായത്തുകളിലെ മാതൃകാപരവും നവീനവുമായ പദ്ധതികളുടെ ലഭ്യത.
9. ഐ.എസ്.ഓ. സർട്ടിഫിക്കേഷൻ.
10. പേപ്പർ രഹിത ഓഫീസ്.
11. സ്ത്രീ, ബാല സൗഹൃദ സംവിധാനങ്ങൾ.
12. ബഡ്സ് സ്കൂളുകൾ.
13. മാതൃകാ അംഗനവാടികൾ.
14. ക്ഷേമ പെൻഷനുകളുടെ പൂർണ വിതരണം.
15. ഗ്രാമ കേന്ദ്രങ്ങൾ.
16. കലാ ഗ്രാമങ്ങൾ.
17. പദ്ധതികളെക്കുറിച്ചുള്ള പൊതു വിവര ബോർഡുകൾ.
18. മികച്ച ഫ്രണ്ട് ഓഫീസ്, ഓഫീസ് സൗകര്യങ്ങൾ.
19. പരാതി പരിഹാര സംവിധാനം.

മേൽ സൂചിപ്പിച്ച സൗകര്യങ്ങളിൽ പരമാവധിയെണ്ണം ലഭ്യമായിട്ടുള്ള ഗ്രാമ പഞ്ചായത്തുകളെ ഓരോ ജില്ലയിൽ നിന്നും തിരഞ്ഞെടുക്കുന്നതാണ്. തുടർന്ന് അവയ്ക്ക് നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് മാതൃകാ ഗ്രാമ പഞ്ചായത്തുകളുടെ നിലവാരത്തിലെത്തിക്കാനുള്ള സഹായം നൽകുന്നതാണ്. അത്തരം പഞ്ചായത്തുകളെ പഠന കേന്ദ്രങ്ങളാക്കി മാറ്റാനുള്ള സഹായം ഉറപ്പുവരുത്തുന്നതാണ്.

മേൽ സൂചിപ്പിച്ച ഘടകങ്ങളെ ആസ്പദമാക്കി ഒരു പെർഫോമൻസ് ബഞ്ച്മാർക്ക് രൂപപ്പെടുത്താൻ 'കില' യെ ഏൽപ്പിച്ചിട്ടുണ്ട്.

**4. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള പെർഫോമൻസ് ഗ്രാന്റ്/ചലഞ്ച് ഫണ്ട്:**

ഇത്തരത്തിൽ ലഭ്യമായ അധികത്തുകയുടെ ഒരു ഭാഗം പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി കളിലും അത്യാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും വരുമാനം വർദ്ധിപ്പിക്കുന്ന തിനും സേവനം മെച്ചപ്പെടുത്തലിനും വേണ്ടി ഉപയോഗിക്കുന്നതാണ്.

ഇപ്പോഴത്തെ പദ്ധതി രൂപരേഖയനുസരിച്ച് പെർഫോമൻസ് ഗ്രാന്റ് രണ്ട് ഘട്ടങ്ങളിലായി നാലു വർഷങ്ങളിൽ വിതരണം ചെയ്തു. അതിൽ അവസാനത്തേത് സാമ്പത്തിക വർഷം 2014-15 ആയിരുന്നു. രണ്ടാം ഘട്ടം, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ, പെർഫോമൻസ് ഗ്രാന്റ് വിതരണം ചെയ്തത് വാർഷിക പ്രവർത്തന വിലയിരുത്തൽ (ആന്വൽ പെർഫോമൻസ് അസസ്സ്മെന്റ്) നടത്തിയതിന്റെ അടിസ്ഥാനത്തിലായിരുന്നു. 2013-14ൽ നടത്തിയ വാർഷിക പ്രവർത്തന വിലയിരുത്തൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആദ്യമായാണ് നടത്തിയത്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റുകൾ കിട്ടാൻ പ്രവർത്തന മികവ് കൈവരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പുതിയ അവബോധം സൃഷ്ടിച്ചു.

പെർഫോമൻസ് ഗ്രാന്റ്, പഞ്ചായത്തുകൾക്കുള്ള സംസ്ഥാന ഗ്രാന്റ്, പദ്ധതി വിഹിതം ഇവ താഴെപ്പറയുന്ന മേഖലകളിൽ പ്രവർത്തന മികവ് തെളിയിക്കുകയും അവ നന്നായി വിനിയോഗിക്കുകയും ചെയ്ത പഞ്ചായത്തുകൾക്ക് നൽകാൻ വേണ്ടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

- ഖര, ദ്രവ, പ്ലാസ്റ്റിക് മാലിന്യ പരിപാലന സംവിധാനങ്ങൾ.
- അറവുശാല നിർമാണം
- ശ്മശാന ഭൂമിക്കും, ശ്മശാനം
- ചന്തകളുടെ നവീകരണം

മേൽപ്പറഞ്ഞ മേഖലകളിൽ പഞ്ചായത്തിന്റേയും മുനിസിപ്പാലിറ്റികളുടേയും പ്രവർത്തനം വിലയിരുത്തുകയും അവയിൽ നിശ്ചയിച്ച ബഞ്ച്മാർക്ക് അനുസരിച്ച് പ്രവർത്തനം നടത്തിയവർക്ക് പെർഫോമൻസ് ഗ്രാന്റ് കിട്ടാൻ അർഹതയുണ്ടാകും. ഒരു വാർഷിക പ്രവർത്തന അവലോകനം (Annual Performance Assessment) നടത്തി അതിനെ ആസ്പദമാക്കി ഫണ്ട് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**5. തദ്ദേശസ്വയംഭരണ വകുപ്പിലെ സ്ഥാപനങ്ങളുടെ ശാക്തീകരണം:**

തദ്ദേശസ്വയംഭരണ വകുപ്പിലെ നിർവഹണ സംവിധാനങ്ങളായ പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നിവയേയും മറ്റ് സ്ഥാപനങ്ങളേയും ശക്തിപ്പെടുത്തുന്നതിനായി ഫണ്ടിന്റെ ഒരു ഭാഗം വിനിയോഗിക്കും. ഈ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉപാധികളെക്കുറിച്ച് വിശദമായ പഠനം നടത്തി

റിപ്പോർട്ടുകൾ തയ്യാറാക്കുന്നതാണ്. തുടർന്ന് ഡയറക്ടറേറ്റുകളുമായി സാമ്പത്തിക സമന്വയത്തിലൂടെ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കും. ഇത് പ്രകാരം

ശുചിത്വ മിഷന് 1.25 കോടി രൂപ

എസ്.ഐ.ആർ.ഡി. 17 ലക്ഷം

ഐ.കെ.എം. 50 ലക്ഷം

കിലയിൽ ഡിജിറ്റൽ ആർകൈവ്സിന് വേണ്ടി 50 ലക്ഷം

പഞ്ചായത്ത് നഗരകാര്യ ഡയറക്ടറേറ്റുകളുടെ നവീകരണത്തിന് വേണ്ടിയും ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

## പദ്ധതിക്കുള്ള ഉദ്ദേശച്ചെലവ്:

| ഉദ്ദേശിക്കുന്ന പ്രവർത്തനത്തിന്റെ വിവരണം | ഉദ്ദേശിക്കുന്ന ചെലവ് | |
|---|---|---|
| | രൂപ (കോടികൾ) | യു.എസ്. ഡോളർ (മില്യൻ) |
| പിന്നോക്ക പഞ്ചായത്തുകൾക്കും വരുമാനം കുറവുള്ള നഗരസഭകൾക്കും ഉള്ള അധിക സഹായം (പഞ്ചായത്തുകൾ- 80%, മുനിസിപ്പാലിറ്റി- 20% ) | 200 | 34.2 |
| ആദിവാസി ക്ലസ്റ്ററുകളിൽ ഉള്ള ഗ്രാമ പഞ്ചായത്തുകൾക്കുള്ള സഹായം | 42 | 7.2 |
| 14 മാതൃക പഞ്ചായത്തുകളുടെ നിർമാണം | 28 | 4.8 |
| പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള പെർഫോമൻസ് ഗ്രാന്റ്-ചലഞ്ച് ഫണ്ട് | 100 | 17.1 |
| തദ്ദേശസ്വയംഭരണ വകുപ്പിലെ അനുബന്ധ സ്ഥാപനങ്ങളുടെ ശാക്തീകരണം | 10 | 1.7 |
| **ആകെ** | **380** | **65** |

മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിനും പ്രത്യേകം വിശദമായ **രൂപരേഖകൾ** ഉണ്ടാക്കി ലോകബാങ്കുമായുള്ള **ചർച്ചയ്ക്കും** ആവശ്യമായ വിലയിരുത്തലു**കൾ/**പഠനങ്ങൾക്ക് ശേഷവും തയ്യാറാക്കുന്നതാണ്.